**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3893** **28-06-2024 - ൽ മറുപടിയ്ക്ക്**

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സയൻസ് സെന്റർ ഇന്നോവേഷൻ ഹബ് പ്ലാനറ്റേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തളിപ്പറമ്പിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സയൻസ് സെന്റർ ഇന്നോവേഷൻ ഹബ് പ്ലാനറ്റേറിയം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ സഹകരണത്തോടെ തളിപ്പറമ്പ് താലൂക്കിൽ ഒരു സയൻസ് സെന്റർ ഇന്നവേഷൻ ഹബ് പ്ലാനറ്റോറിയം സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.ഈ ആവശ്യത്തിലേയ്ക്കായി തളിപറമ്പ് താലൂക്കിൽ കറുമാത്തൂർ വില്ലേജിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സയൻസ് സെന്റർ ഇന്നവേഷൻ ഹബ് പ്ലാനറ്റോറിയത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ ബാംഗ്ലൂരിലെ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ശാസ്ത്ര സാങ്കേതിക വകുപ്പ് ആധുനിക ലാബുകൾ സ്ഥാപിക്കുന്നതിനായി തളിപ്പറമ്പ് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ആധുനിക ലാബുകൾ സ്ഥാപിക്കുന്നതിനായി തളിപ്പറമ്പ് മണ്ഡലത്തിലെ KKNPMG VHSS പരിയാരം സ്കൂളിനെ തിരഞ്ഞെടുക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ